# ഇണകളെ തേടുമ്പോൾ

അബ്ദുല്ലത്തീഫ് സുല്ലമി മാറഞ്ചേരി

വിവാഹ പ്രായമെത്തിയ പുരുഷനും സ്ത്രിയും അനുയോജ്യരായ ഇണകളെക്കുറിച്ച് സ്വപ്നങ്ങളും സങ്കല്പങ്ങളും മനസ്സിൽ സൂക്ഷിക്കുമെന്നത് വാസ്തവമാണ്. അപ്രകാരം തന്നെ രക്ഷിതാക്കൾ തങ്ങളുടെ മക്കൾക്കായി ഇണകളെ കണ്ടെത്തുന്ന കാര്യത്തിലും പല നിലക്കുള്ള പ്രതീക്ഷകൾ മനസ്സിൽ കണക്ക് കൂട്ടാറുണ്ട്. എന്നാൽ ഇസ്ലാം ഈ വിഷയത്തിൽ എന്ത് നിർദ്ദേശമാണ് നൽകുന്നതെന്ന് നമുക്ക് പരിശോധിക്കാം.

**ആദർശപ്പൊരുത്തം**

ജീവിതത്തിന്റെ എല്ലാ മേഖലകളിലേക്കും മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്ന വിശുദ്ധ ഖുർആൻ വൈവാഹിക വിഷയത്തിൽ പറയുന്ന പ്രഥമ നിർദ്ദേശം കാണുക.

‘‘ശിർക്ക് ചെയ്യുന്ന സ്ത്രികളെ ( ബഹുദൈവ വിശ്വാസിനികളെ ) അവർ വിശ്വസിനികളാകുന്നത് വരെ നിങ്ങൾ വിവാഹം കഴിക്കരുത്; വിശ്വാസിനിയായ ഒരു അടിമസ്ത്രയാണ് ബഹുദൈവ വിശ്വാസിനിയേക്കാൾ നിങ്ങൾക്ക് നല്ലത്. അവൾ (ബഹുദൈവ വിശ്വാസിനി) എത്ര തന്നെ നിങ്ങൾക്ക് കൗതുകം ജനിപ്പിച്ചാലും ശരി. ശിർക്ക് ചെയ്യുന്ന പുരുഷന്മാർക്ക് അവർ വിശ്വാസികളാവുന്നത് വരെ നിങ്ങളുടെ മക്കളെ കെട്ടിച്ച് കൊടുക്കുകയും ചെയ്യരുത്. ശിർക്ക് ചെയ്യുന്ന പുരുഷനേക്കാൾ ഒരു വിശ്വാസിയായ അടിമയ്ക്ക് നിങ്ങളുടെ മക്കളെ കെട്ടിച്ച് കൊടുക്കലാണ് നല്ലത്. അവർ നിങ്ങൾക്ക് കൗതുകം ജനിപ്പിച്ചാലും ശരി. അവർ നരകത്തിലേക്കാണ് നിങ്ങളെ ക്ഷണിക്കുക; അല്ലാഹു നിങ്ങളെ പാപമോചനകത്തിലേക്കും സ്വർഗ്ഗത്തിലേക്കുമാണ് ക്ഷണിക്കുന്നത്. ജനങ്ങൾ ശ്രദ്ധിച്ചു മനസ്സിലാക്കുന്നതിന് വേണ്ടി അല്ലാഹു തന്റെ തെളിവുകൾ അവർക്ക് വിവരിച്ചു കൊടുക്കുകയും ചെയ്യുന്നു.’’

ആദർശപ്പൊരുത്തമാണ് ഇസ്‌ലാം മുന്നോട്ട് വെക്കുന്ന ഒന്നാമത്തെ നിർദ്ദേശം. മരണം വരെ സന്തോഷത്തോടെ കഴിഞ്ഞ് പരലോകത്തും ഒന്നിച്ച് കഴിയോണ്ടവരാണ് ദമ്പതിമാർ. അ്തുകൊണ്ട് തന്നെ വിശ്വസ്തരുടെ അവകാശങ്ങൾ വകവെച്ചു കൊടുന്നവരും ആയിരിക്കൽ നിർബന്ധമാണ്. എന്നാൽ അല്ലാഹുവിന് നൽകേണ്ടതായ അവകാശങ്ങൾ അവന് നൽകുന്നതിൽ വഞ്ചന കാണിക്കുന്നവർ തന്റെ ഇണയോടും വഞ്ചനകാണിക്കാൻ മടിക്കുകയില്ല.അതിനാൽ ശിർക്ക് വിശ്വാസ ആചാരങ്ങളിൽ ജിവിക്കക്കുന്നവരുമായുള്ള വിവാഹബന്ധം ഒരിക്കലും വിശ്വാസികൾക്ക് പാടില്ലാത്തതാണ്. നബി

(സ) നാട്ടിൽ നടപ്പുള്ള വിവാഹ ലക്ഷ്യങ്ങളെ സംബന്ധിച്ച് പറഞ്ഞ ശേഷം നാം തിരഞ്ഞെടുക്കേണ്ടത് ഏതായിരിക്കണമെന്ന് വ്യക്തമാക്കുന്നത് കാണുക:

''നാല് കാര്യങ്ങൾക്കായി സ്ത്രി വിവാഹം ചെയ്യപ്പെടാറുണ്ട്: അവളുടെ ധനം, കുല മഹിമ, അഴക്, മതബോധം. എന്നാൽ നീ മതബോധമുള്ളവളെ വിവാഹം ചെയ്ത് വിജയം വരിക്കുക; നിന്റെ കൈകളിൽ മണ്ണായാലും (നീ അൽപം പ്രായസപ്പെടേണ്ടി വന്നാലും) ശരി.''

ഇതേ കാര്യം പെൺകുട്ടികൾക്ക് ഭർത്താക്കന്മാരെ അന്വോഷിക്കുന്ന രക്ഷിതാക്കളോടും ഇസ്‌ലാം ഉണർത്തിയിട്ടുള്ളതായി കാണാം.

''നിങ്ങളോട് മതബോധവും സൽസ്വഭാവവുമുള്ള ഒരാൾ വിവാഹാന്വേഷണം നടത്തിയാൽ നിങ്ങളയാൾക്ക് വിവാഹം ചെയ്ത് കൊടുക്കുക. അല്ലാത്ത പക്ഷം ഭൂമിയിൽ കുഴപ്പവും ദുരവ്യാപകമായ വിപത്തും ഉണ്ടായിത്തീരുന്നതാണ്.''

വിവാഹം കഴിക്കുമ്പോൾ കൂടുതൽ സ്നേഹിക്കുന്നവരേയും പ്രസവിക്കുന്നവരേയും വിവാഹം കഴിക്കുവാനും നബി (സ) കൽപ്പിച്ചതായും ഹദീസുകളിൽ കാണാം.

"നിങ്ങൾ കൂടുതൽ സ്നേഹിക്കുന്നവരേയും കൂടുതൽ പ്രസവിക്കുന്നവരേയും വിവാഹം കഴിക്കുക. ഞാൻ നിങ്ങളുടെ ആധിക്യത്തിൽ അഭിമാനിക്കുന്നതാണ്."

കൂടുതൽ കുട്ടികളുള്ള മതാപിതാക്കളുടെ മക്കളിൽ നിന്നും വിവാഹം കഴിക്കലാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്.

**തിരുത്തപ്പെടേണ്ട മാമൂലുകൾ**

വിവാഹാന്വേഷണം നടത്തുമ്പോൾ പരസ്പരം കുഫ്‌വ് (യോജിപ്പ്) ഒക്കേണ്ടതുണ്ട് എന്ന ചിന്തയോടെ മുകളിൽ പറഞ്ഞ ആദർഷപ്പൊരുത്തവും സ്വഭാവ വിശുദ്ധിയും ഒത്തു വന്നാൽ പോലും ദുരഭിമാനത്തിന്റേയും നാട്ടുമാമുലുകളുടേയും പേരിൽ എത്രയെത്ര കുടുംബങ്ങളാണ് ദുരിതങ്ങൾ അനുഭവിച്ചു കൊണ്ടിരിക്കുന്നത്! എന്നാൽ അത്തരം ചിന്തകൾക്ക് ഇസ്‌ലാമിൽ വല്ല അടിസ്ഥാനവുമുണ്ടോ എന്ന് നമുക്ക് പരിശോധിക്കാം.

**1. സമ്പത്ത്**

ഇസ്‌ലാമിക ശരീഅത്തിൽ വിവാഹവും സമ്പത്തും തമ്മിൽ യാതൊരു ബന്ധവുമില്ല. പണക്കാരുടെ മക്കൾ പരസ്പരം മാത്രമേ വിവാഹ ബന്ധത്തിൽ ഏർപ്പെട്ടുകൂടൂ എന്നൊരു നിയമം ഇസ്‌ലാമിലില്ല.

നബി(സ) യുടെ വിവാഹങ്ങൾ പരിശോധിച്ചാൽ തന്നെ ഇക്കാര്യം ബോധ്യപ്പെടുന്നതാണ്. ദരിദ്രനായിരുന്ന പ്രവാചകൻ (സ) യുടെ പിൻഗാമിയായിരുന്ന ഖലീഫ ഉമർ(റ) തന്റെ മകൻ ആസിം (റ) വിന് ഭാര്യയായി തെരഞ്ഞെടുത്തത്, ചെറ്റക്കുടിലിൽ താമസിച്ച് പാൽ വിറ്റ് ഉപജീവനം നടത്തിയിരുന്ന ഒരു ദരിദ്ര സ്ത്രിയുടെ മകളായിരുന്നു. സമ്പത്തിലെ ഏറ്റ വ്യത്യസങ്ങൾ ഇരുവരുടെയൊന്നും ജിവിതത്തിൽ യാതൊരു വിധ അസ്വരസ്യങ്ങളോ താളപ്പിഴകളോ ഉണ്ടായിരിന്നില്ലെന്നതിന് ചരിത്രം സാക്ഷിയാണ്.

**2. പ്രായം**

ഇരുപത്തഞ്ച് വയസ്സ് പ്രായമുള്ള സമയത്ത് നബി(സ) വിവാഹം കഴിച്ചത് നാൽപ്പത് വയസ്സ് പിന്നിട്ട വിധവയായിരുന്ന ഖദീജ(റ) യെയും, അമ്പത് വയസ്സ് കഴിഞ്ഞതിന് ശേഷം ചെറു പ്രായത്തിലുള്ള ആയിഷ (റ)യെയും ആയിരുന്നു. വൈവാഹിക വിഷയത്തിൽ ഇസ്‌ലാം പ്രായം ഒരു നിബന്ധ നയായി കണക്കാക്കുന്നില്ല എന്നുകൂടി മനസ്സിലാക്കാനാകും നബി(സ)യുടെ ഈ വിവാഹങ്ങൾ എന്ന് ചിന്തിച്ചാൽ അത് തെറ്റാകുമെന്ന് തോന്നുന്നില്ല.

മനുഷ്യർ അവർ വളരുന്ന ചുറ്റുപാടുകൾക്കും സാഹചര്യങ്ങൾക്കും അനുസരിച്ച് ശരീര ഘടനക ളിലും വികാസത്തിലും ഏറ്റക്കുറച്ചിലുകൾ കാണപ്പെടുന്നുണ്ട്. എന്നത് തെളിവുകൾ ആവി ശ്യമില്ലാത്ത വിധം വ്യക്തമാണ്. പെൺകുട്ടികൾ ലൈംഗിക സന്നദ്ധതയറിച്ച് ഋതുമതിയാകുന്ന പ്രായം വിവിധ രാജ്യങ്ങളിൽ വ്യത്യസ്തമാണെന്നതും വിവാഹത്തിലേർപ്പെടുന്നതിന് നിർണ്ണിത പ്രായം തികഞ്ഞിരിക്കണമെന്ന് പരിധി നിശ്ചയിച്ചിട്ടില്ല.

**3. തറവാട്**

വിവാഹന്വേഷണ സമയത്ത് ഏറെ പ്രശ്നം സൃഷ്ടിക്കാറുള്ള ഒന്നാണ് തറവാട് സംബന്ധമായ ചിന്തകൾ. ഇസ്‌ലാം മനുഷ്യരെല്ലാം ഒരേ മാതാപിതാക്കളുടെ മക്കളാണെന്നും, വിശ്വാസികൾ പര സ്പരം സഹോദരന്മാരാണെന്നും, എല്ലാവരും ആദമിന്റെ മക്കളും ആദം മണ്ണിൽ നിന്ന് സൃഷ്ടിക്ക പ്പെട്ടവനാണെന്നും അതിനാൽ എല്ലാവരുടേയും തറവാട് മണ്ണാണ് എന്ന വസ്തുതയാണ് നമ്മെ പഠി പ്പിക്കുന്നത്. എന്നാൽ മേൽ പറയപ്പെട്ടതായ തത്വങ്ങളും സമത്വവുമെല്ലാം അംഗീകരിക്കുകയും വാദി ക്കുകയും ചെയ്യുന്നവർ പോലും തങ്ങളുടേയോ മക്കളുടേയോ വിവാഹവസരങ്ങളിൽ അത് വിസ്മരി ക്കുന്നത് ഖേദകരം തന്നെ!

പ്രവാചകൻ (സ) യുടെ പിൻഗാമി ഖലീഫ ഉമർ (റ) തന്റെ മകന് ഭാര്യയെ തിരഞ്ഞെടുത്തത് ഒരു ചെറ്റക്കുടിലിൽ നിന്നായിരുന്നു എന്നത് നാം നേരത്തെ സൂചിപ്പിക്കുന്നത് ഇവുടെ ഒന്നുകൂടി ഓർക്കു ന്നത് നന്നായിരിക്കും.